**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 28** **22-02-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന നിയമത്തിലെ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ട് മൂന്ന് വർഷമായിട്ടും സംസ്ഥാനത്ത് പ്രസ്തുത ഭേദഗതി പ്രകാരമുള്ള ഇളവുകൾ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18.01.2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ. നിലവിൽ, 2011 CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകളും 2011 തീരദേശ പരിപാലന പ്ലാനുമാണ് CRZ പരിധിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് ബാധകമായിട്ടുള്ളത്. |
| (ബി) | തീരദേശ മേഖലയിലെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഈ ആവശ്യം നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019 ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 01.07.2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ.പി.ഇസഡ്.തോമസ്, ശ്രീ.പി.ബി.സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. ടി വിദഗ്ദ്ധ സമിതി പ്രീഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുകയും താഴെ പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. 1. കേരളത്തിലെ ധാരാളം ഗ്രാമ പഞ്ചായത്തുകൾ നാഗരിക സ്വഭാവമുള്ളവയും 2011 സെൻസെസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുന്നവയുമാണ്. സംസ്ഥാന സർക്കാർ ഇത്തരം ഗ്രാമ പഞ്ചായത്തുകളെ തരംതിരിച്ച് നഗര പ്രദേശങ്ങളായി പുനർനാമം ചെയ്യേണ്ടതാണ്. ടി ഗ്രാമ പഞ്ചായത്തുകളെ നഗരങ്ങളായി പ്രഖ്യാപിച്ച |

| | | | |
|---|---|---|---|
| | | | ശേഷം ഇവയെ CRZ III കാറ്റഗറിയിൽ നിന്നും CRZ II കാറ്റഗറിയിലേയ്ക്ക് മാറ്റേണ്ടതാണ്. 2. പൊക്കാളി പാടങ്ങളുടെ കേസിൽ വേലിയേറ്റ രേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതും ബണ്ടുകൾക്കപ്പുറത്തേയ്ക്ക് വേലിയേറ്റ രേഖ നീട്ടുകയും ചെയ്യരുത്. 3. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ ഏരിയ പരിമിതപ്പെടുത്തേണ്ടതും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയതിനു ശേഷം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ച ശേഷം പബ്ലിക് ഹിയറിംഗ് നടത്തും. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്. 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി അഭിപ്രായങ്ങൾ/നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തിരുത്തലുകൾ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി വരുത്തുകയും കേരള സർക്കാരിന്റെ ശുപാർശയോടു കൂടി കരട് പ്ലാൻ നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നതാണ്. |
| (സി) | പ്രസ്തുത ഉത്തരവിന് മുൻകാല പ്രാബല്യം ലഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | CRZ വിജ്ഞാപനം 2019 ലെ clause 6 (i) പ്രകാരം CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിജ്ഞാപനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകൂ എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുവരെ 2011 CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകളും 2011 തീരദേശ പരിപാലന പ്ലാനുമാണ് സംസ്ഥാനത്ത് ബാധകമാകുന്നത്. |

സെക്ഷൻ ഓഫീസർ